# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1433

03.12.2015-ൽ മറുപടിയ്ക്ക്

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒരു റോഡുപോലും ലഭിക്കാത്ത മണ്ഡലങ്ങളിൽ റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?<br>(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ?<br>(സി) പ്രസ്തുത പദ്ധതി പ്രകാരം കോങ്ങോട് മണ്ഡലത്തിന് ഒരു റോഡ് പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി സമർപ്പിച്ചിട്ടുള്ള പ്രോപ്പോസൽ പ്രകാരം റോഡുകൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) ഒറ്റത്തവണ പുനഃരുദ്ധാരണ പദ്ധതി പ്രകാരം ചില മണ്ഡലങ്ങളിൽ ഒരു റോഡിനു പോലും ഭരണാനുമതി ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒറ്റത്തവണ പുനഃരുദ്ധാരണ പദ്ധതി പ്രകാരം, കോങ്ങോട് മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ പുനഃരുദ്ധരിക്കുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ